File No.CEE/24/2022-TA3

**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**പത്രക്കുറിപ്പ്**
**പി.ജി. നഴ്സിംഗ് കോഴ്സിലേക്കുള്ള പ്രവേശനം 2021**
**ഒഴിവ് വന്ന സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്**

2021-22 അധ്യയന വർഷത്തെ എം.എസ്.സി നേഴ്സിംഗ് കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മോപ് അപ്പ് അല്ലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ കാര്യലയ ഡയറക്ടർ സ്പോട് അലോട്ട്മെന്റ് നടത്തുന്നതാണ്. സ്പോട് അലോട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഡി .എം.ഇ യുടെ വെബ്സൈറ്റായ www.dme.kerala.gov.in ൽ പ്രസിദ്ധീകരിക്കുന്നതാണ് സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ നിലവിലുള്ള ഒഴിവുകളിലേക്ക അതാതു കോളേജ് പ്രിൻസിപ്പൽമാർ പ്രവേശന നടപടികൾ സ്വീകരിക്കുന്നതാണ് . ഇതിനായി വിദ്യാർഥികൾക്ക് കോളേജ് പ്രിൻസിപ്പൽ/മേധാവികളുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ സർക്കാർ /സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.

താത്പര്യമുള്ള യോഗ്യരായ വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം ഹാജരായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/അതത് കോളേജ് പ്രിൻസിപ്പൽമാരുടെ നിർദേശാനുസരണം പ്രവേശനം നേടേണ്ടതാണ്. 15.03.2022 3.00 മണിക്ക് ശേഷമുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.18 16:55:45 IST
Reason: Approved

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
**18/03/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**